കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - 2006-2007 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

ജി.ഒ. (ആർ.റ്റി) നം. 371/09/തസ്വഭവ — തിരുവനന്തപുരം, തീയതി: 12/02/2009.

---

പരാമർശം:
1) ജി.ഒ.(ആർ.റ്റി) നം. 32/2008/തസ്വഭവ തീയതി, 3/1/2008.
2) ജി.ഒ. (ആർ.റ്റി) നം. 654/2008/തസ്വഭവ തീയതി, 1/3/2008.
3) പഞ്ചായത്ത് ഡയറക്ടറുടെ 27/1/2009 ലെ ജി2-41004/2007 നമ്പർ കത്ത്.
4) ഗ്രാമ വികസന കമ്മീഷണറുടെ 5/2/2009 ലെ 976/ഡിപി2/08/സി.ആർ.ഡി നമ്പർ കത്ത്.

## ഉത്തരവ്

2006-07 സാമ്പത്തിക വർഷം മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് പരാമർശം ഒന്നിലെയും രണ്ടിലെയും ഉത്തരവുകളിലെ മാനദണ്ഡ പ്രകാരം മികച്ച ഗ്രാമ പഞ്ചായത്തുകളായും, ബ്ലോക്ക് പഞ്ചായത്തുകളായും, ജില്ലാ പഞ്ചായത്തുകളായും താഴെപറയുന്ന ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളെ തെരഞ്ഞെടുത്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>മികച്ച ഗ്രാമ പഞ്ചായത്ത്</u>

സംസ്ഥാനതലം : ചെറിയനാട് ഗ്രാമ പഞ്ചായത്ത് - ആലപ്പുഴ ജില്ല

<u>ജില്ലാ തലം</u>

| ജില്ല | സ്ഥാനം | പഞ്ചായത്ത് |
|---|---|---|
| കൊല്ലം | 1 | നെടുമ്പന |
| പാലക്കാട് | 1 | തച്ചമ്പാറ |
| തൃശ്ശൂർ | 1 | അടാട്ട് |
| | 2 | വേളൂക്കര |
| കണ്ണൂർ | 1 | മങ്ങാട്ടിടം |
| | 2 | ചെമ്പിലോട് |
| കോഴിക്കോട് | 1 | നാദാപുരം |
| | 2 | കുറ്റ്യാടി |

<u>മികച്ച ബ്ലോക്ക് പഞ്ചായത്ത്.</u>

1. മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് - തൃശ്ശൂർ ജില്ല
2. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് - കൊല്ലം ജില്ല
3. ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് - ആലപ്പുഴ ജില്ല

<u>മികച്ച ജില്ലാ പഞ്ചായത്ത്.</u>

1. പാലക്കാട്
2. ആലപ്പുഴ
3. തിരുവനന്തപുരം

സംസ്ഥാനതലത്തിലെ മികച്ച ഗ്രാമ പഞ്ചായത്തിന് സ്വരാജ് ട്രോഫിയും, 5 ലക്ഷം രൂപ സമ്മാനമായും 25 ലക്ഷം രൂപ പ്രത്യേക പദ്ധതി സഹായധനമായും ലഭിക്കുന്നതാണ്. ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടിയ ഗ്രാമ പഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫിയും, സമ്മാനമായി ഓരോ ലക്ഷം രൂപയും പദ്ധതി സഹായധനമായി 10 ലക്ഷം രൂപാ വീതവും ലഭിക്കുന്നതാണ്. രണ്ടാം സ്ഥാനം നേടുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് സാക്ഷ്യപത്രവും പ്രത്യേക പദ്ധതി സഹായധനമായി 5 ലക്ഷം രൂപാ വീതവും ലഭിക്കുന്നതാണ്. ഒന്നാം സ്ഥാനം നേടിയ ബ്ലോക്ക് പഞ്ചായത്തിന് സ്വരാജ് ട്രോഫിയും പദ്ധതി സഹായധനമായി 25 ലക്ഷം രൂപ വീതവും, രണ്ടാം സ്ഥാനം നേടിയ ബ്ലോക്ക് പഞ്ചായത്തിന് 15 ലക്ഷം രൂപ വീതവും, മൂന്നാം സ്ഥാനം നേടുന്ന ബ്ലോക്ക് പഞ്ചായത്തിന് 10 ലക്ഷം രൂപ വീതവും പദ്ധതി സഹായധനമായി ലഭിക്കുന്നതാണ്. മികച്ച ജില്ലാ പഞ്ചായത്തിന് സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

ഈ ഇനത്തിലുള്ള ചെലവുകൾ നടപ്പുസാമ്പത്തിക വർഷത്തിലെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള താഴെപറയുന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

1) ഗ്രാമ പഞ്ചായത്ത്: 8448-00-109-93(03)
2) ബ്ലോക്ക് പഞ്ചായത്ത്: 8448-00-109-93(02)

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എം.ആർ. ചന്ദ്രഹാസൻ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ജില്ലാപഞ്ചായത്ത്, പാലക്കാട്/ആലപ്പുഴ/തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ ആൻറ് ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (IKM), തിരുവനന്തപുരം-87
ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ